പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2073 26-10-2026-ൽ മറുപടിയ്ക്ക്

പുനലൂർ താലൂക്ക് സപ്ലൈ ഓഫീസ് പരിധിയിലെ റേഷൻ കടകളിലെയും പൊതുവിപണിയിലെയും പരിശോധനകൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ	മറുപടി നൽകിയ മന്ത്രി
ശ്രീ. സി. അജയപ്രസാദ്	ശ്രീ. അനുപ് ജേക്കബ് (ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി)

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നാളിതുവരെ പുനലൂർ താലൂക്ക് സപ്ലൈ ഓഫീസ് പരിധിയിലെ എത്ര റേഷൻ കടകളിൽ പരിശോധന നടത്തിയിട്ടുണ്ടെന്നും അതിൽ എത്രയെണ്ണത്തിൽ ക്രമക്കേടുകൾ കണ്ടെത്തിയെന്നും ആയതിനു എത്ര രൂപ പിഴയായി ഈടാക്കിയെന്നും വ്യക്തമാക്കാമോ;

മറുപടി: ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുനലൂർ താലൂക്ക് സപ്ലൈ ഓഫീസ് പരിധിയിലെ 513 റേഷൻ കടകളിൽ പരിശോധന നടത്തിയതിൽ 75 റേഷൻ കടകളിൽ ക്രമക്കേടുകൾ കണ്ടെത്തിയതിനെത്തുടർന്ന് ആകെ 1,14,242/- രൂപ പിഴ ഈടാക്കിയിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നാളിതുവരെ പുനലൂർ താലൂക്ക് സപ്ലൈ ഓഫീസ് പരിധിയിൽ പൊതു വിപണിയിലെ പരിശോധനകൾ ശക്തമാക്കാൻ സ്വീകരിച്ച നടപടികളെന്തെല്ലാമെന്നും പൊതു വിപണി പരിശോധന വഴി മേല്പറഞ്ഞ കാലയളവിൽ ക്രമക്കേടുകൾക്ക് എത്ര രൂപ പിഴയായി ഈടാക്കിയിട്ടുണ്ടെന്നും വിശദമാക്കാമോ?

മറുപടി: പുനലൂർ താലൂക്ക് സപ്ലൈ ഓഫീസറും റേഷനിംഗ് ഇൻസ്പെക്ടർമാരും താലൂക്ക് പരിധിയിലെ പൊതുവിപണിയിൽ പരിശോധനകൾ നടത്തി, പ്രതിമാസ പരിശോധനാ റിപ്പോർട്ടുകൾ തുടർ നടപടികൾക്കായി ജില്ലാ സപ്ലൈ ഓഫീസർക്ക് നല്കി വരുന്നു.

ഓണക്കാലത്ത് വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് സംയുക്ത സ്ക്വാഡുകൾ രൂപീകരിച്ച് പരിശോധനകൾ നടത്തുകയും വിലക്കയറ്റവും പൂഴ്ത്തിവയ്പ്പും തടയുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

പുനലൂർ താലൂക്ക് സപ്ലൈ ഓഫീസ് പരിധിയിൽ 407 പൊതു വിപണികളിൽ പരിശോധനകൾ നടത്തിയിട്ടുള്ളതിൽ ഒരു ക്രമക്കേട് കണ്ടെത്തിയതിനെത്തുടർന്ന്, അവശ്യസാധന നിയമപ്രകാരമുള്ള തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. പൊതുവിപണി പരിശോധനകളുടെ ഭാഗമായി പിഴയിനത്തിൽ തുകയൊന്നും ഈടാക്കിയിട്ടില്ല.

സെക്ഷൻ ഓഫീസർ